## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.677** 29.10.2019 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വൈദ്യുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി. | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി നിർമ്മിക്കുന്ന പദ്ധതി വിജയകരമായിരുന്നുവോ; ഇതുപ്രകാരം ഏകദേശം എത്ര യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിച്ചു; ഇതിൽ നിന്നും എത്ര വൈദ്യുതി ബോർഡിനു ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 'സൗര' പദ്ധതിയിൽ ആകെ 500 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2,78,258 അപേക്ഷകളിൽ നിന്നും ആദ്യഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത ഏകദേശം 42,000 അപേക്ഷകരുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 200 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആദ്യഘട്ടത്തിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. സോളാർ പാനലുകൾ മേൽക്കൂരകളിൽ ഇതുവരെ സ്ഥാപിക്കാൻ തുടങ്ങിയിട്ടില്ല. അടുത്ത വർഷം ജനുവരിയോടു കൂടി സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പദ്ധതി വിജയകരമാണെങ്കിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായ 200 മെഗാവാട്ട് ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്ന നിലയിലാണ്. ഒന്നാം ഘട്ടം പൂർത്തിയാക്കിയതിനു ശേഷം പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് അപേക്ഷ നൽകുന്നതിനുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | 'സൗര' പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുമ്പോൾ അപേക്ഷ നല്കുന്നതിനുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ